പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : *165

17.03.2015-ൽ
മറുപടിയ്ക്ക്

**ജനമൈത്രി എക്സൈസ്**

ചോദ്യം
ശ്രീ.വി.ഡി.സതീശൻ :
ശ്രീ.എ.റ്റി.ജോർജ്ജ് :
ശ്രീ.സി.പി.മുഹമ്മദ് :
ശ്രീ.എം.പി.വിൻസെന്റ്:

ഉത്തരം
ശ്രീ.കെ.ബാബു
(മത്സ്യബന്ധനവും തുറമുഖവും
എക്സൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ജനമൈത്രി എക്സൈസ് പദ്ധതി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; | (എ) | 'ജനമൈത്രി എക്സൈസ്' രൂപീകരിക്കുന്നതിന്റെ ആദ്യപടിയായി അട്ടപ്പാടിയിൽ ഒരു എക്സൈസ് സ്ക്വാഡ് രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. |
| (ബി) | പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും വിശദമാക്കുമോ; | (ബി) | സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന മദ്യാസക്തിക്കെതിരെ ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്ന സന്നദ്ധ സംഘടനകളുടെ സഹകരണം ഉറപ്പാക്കി അതിലൂടെ മദ്യമയക്കുമരുന്നുകളുടെയും ലഹരിവസ്തുക്കളുടെയും ഉപഭോഗംമൂലം ഉണ്ടാകുന്ന ദൂഷ്യവശങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവാൻമാരാക്കി "ലഹരിമുക്ത കേരളം" എന്ന ലക്ഷ്യം സാക്ഷാൽക്കരിക്കുക, മദ്യ |

| | | | |
|---|---|---|---|
| | | | മയക്കമരുന്നുകളുടെ ഉൽപ്പാദനവും വിപണനവും ഇല്ലായ്മ ചെയ്യുക, ശക്തമായി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിൽ ജനങ്ങളുടെ സഹകരണം ഉറപ്പാക്കി കുറ്റവാളികളെ നിയമത്തിന്റെ മുമ്പിൽകൊണ്ടുവരിക എന്നിവയാണ് ജനമൈത്രി എക്സൈസ് എന്ന പദ്ധതിയുടെ പ്രവർത്തനോദ്ദേശ്യമായി ഉൾക്കൊള്ളിക്കാൻ ഉദ്ദേശിക്കുന്നത്. ടി പദ്ധതിയുടെ പ്രവർത്ത രീതി സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ രൂപീകരിച്ചിട്ടില്ല. |
| (സി) | വ്യാജമദ്യം തടയുവാനും മദ്യത്തിനെതിരെ ബോധവത്കരണം നടത്തുവാനും എന്തൊക്കെ പ്രവർത്തനങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ ; | (സി) | എല്ലാ എക്സൈസ് റേഞ്ചിന്റെയും അധികാരപരിധിയിലുള്ള സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ വ്യാജമദ്യം, ലഹരിവസ്തുക്കൾ എന്നിവയുടെ ഉൽപ്പാദന വിപണ കേന്ദ്രങ്ങളുടെ വിവരങ്ങൾ ശേഖരിച്ച് ശക്തമായി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിലൂടെ മദ്യ-മയക്കമരുന്ന് മാഫിയകൾക്കെതിരെ ശക്തമായി എൻഫോഴ്സ്മെന്റ് പ്രവർത്തനം സംഘടിപ്പിക്കുകയും അവർക്കെതിരെ നിയമ നടപടി സ്വീകരിക്കുകയും ചെയ്യുന്നു. ഒരു എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ |

| | | | |
|---|---|---|---|
| | | | നിയന്ത്രണത്തിലാണ് ഈ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നത്, ആയതിന് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ മേൽനോട്ടവും ഉണ്ടായിരിക്കും. ബോധവത്ക്കരണ ക്ലാസ്സുകൾ, ലഘുചിത്ര പ്രദർശനങ്ങൾ, ലഘുലേഖ വിതരണം എന്നിവയിലൂടെ ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ ജനങ്ങൾക്കിടയിൽ എത്തിക്കുക, സ്കൂൾ കോളേജ് തലങ്ങളിൽ ലഹരിവിരുദ്ധ ക്ലബുകൾ, നാഷണൽ സർവ്വീസ് സ്കീം, സ്റ്റുഡന്റ് പോലീസ് കേഡറ്റ് എന്നിവയിലൂടെ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക, കുടുംബശ്രീ, റസിഡൻസ് അസോസിയേഷനുകൾ എന്നിവ മുഖേന ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക മുതലായവയാണ് ജനമൈത്രി എക്സൈസ് പദ്ധതിമുഖേന നടപ്പിലാക്കുമ്പോൾ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. |
| (ഡി) | ആരുടെ നേതൃത്വത്തിലാണ് ഇത് പ്രാവർത്തികമാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (ഡി) | ഒരു എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ, പതിനഞ്ചംഗ എക്സൈസ് ഉദ്യോഗസ്ഥരുടെ ഒരു കർമ്മസേന ഇതിനോടകം തന്നെ |

| | | |
|---|---|---|
| | | നിരീക്ഷണത്തിൻ കീഴിൽ നല്ല നടപ്പിൽ വിടുന്നതിന് കോടതിക്ക് അധികാരമുണ്ട്. |
| ഡി) 1958-ലെ പ്രൊബേഷൻ ഓഫ് ഓഫൻഡേഴ്സ് ആക്ട് കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ? | ഡി) | ടി ആക്ട് പ്രകാരം ജയിൽ ശിക്ഷ ഒഴിവാക്കി നിരീക്ഷിക്കുന്നതിനും അവരെ സമൂഹത്തിൽ പുനഃരധിവസിപ്പിക്കുന്നതിനുമായി സാമൂഹ്യനീതി വകുപ്പിൽ 14 ജില്ലകളിലും പ്രൊബേഷൻ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. പ്രൊബേഷൻ സംവിധാനം കൂടുതൽ ഫലപ്രദമാക്കുന്നതിനായി 'നേർവഴി' എന്ന പേരിൽ ഒരു പുതിയ പദ്ധതി സാമൂഹ്യനീതി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ